പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 335 — 10.12.2012 ൽ മറുപടിക്ക്

## ജനപ്രതിനിധികളെ പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തുന്ന നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എ. ബേബി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ഈ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും നിയമസഭാ സാമാജികരെ പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം ജനപ്രതിനിധികളെ, ഏതെല്ലാം പോലീസ് സ്റ്റേഷനിൽ ഹാജരാകണമെന്നാവശ്യപ്പെട്ടു; ഏതെല്ലാം പോലീസ് ഉദ്യോഗസ്ഥർ പ്രസ്തുത ജനപ്രതിനിധികൾക്ക് നോട്ടീസ് നൽകുകയുണ്ടായി;<br>(സി) പ്രാഥമിക മൊഴിയെടുക്കലിന്റെ ഭാഗമായി നിയമസഭാ സാമാജികരെ സ്റ്റേഷനിലേക്ക് നോട്ടീസ് അയച്ച് വിളിച്ചുവരുത്തുന്നത് ഈ സർക്കാരിന്റെ നയത്തിന്റെ ഭാഗമാണോ; | (ബി) യും (സി) യും 26.07.2012 ൽ ഡി.വൈ.എസ്.പി. ഓഫീസിൽ നിന്നും നോട്ടീസ് നൽകി വിളിപ്പിച്ച പ്രകാരം ഇടുക്കി ജില്ലയിലെ ഉടുമ്പഞ്ചോല എം.എൽ.എ. ശ്രീ. കെ.കെ. ജയചന്ദ്രൻ 01.08.2012 ന് മൂന്നാർ പോലീസ് ഇൻസ്പെക്ടർ ഓഫീസിലും, 07.11.2012 ൽ കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ നോട്ടീസ് നൽകി വിളിപ്പിച്ചതനുസരിച്ച് കണ്ണൂർ എം.എൽ.എ. ശ്രീ. അബ്ദുള്ളക്കുട്ടി കണ്ണൂർ ടൗൺ സബ് ഇൻസ്പെക്ടറുടെ മുമ്പാകെയും ഹാജരായി. ദേശീയ പതാക ആലേഖനം ചെയ്ത കേക്ക് മുറിച്ചു എന്നതായിരുന്നു ആക്ഷേപം. കേസുകളിൽ നിഷ്പക്ഷമായി പ്രവർത്തിക്കുന്നതാണ് സർക്കാരിന്റെ നയം. |
| (ഡി) ജനാധിപത്യവ്യവസ്ഥയിൽ നിയമസഭാംഗത്തിനുള്ള സ്ഥാനം അംഗീകരിക്കാതെയുള്ള ഇത്തരം നടപടി ഉചിതമായിട്ടുള്ളതാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കുകയുണ്ടായി? | (ഡി) നിയമാനുസൃതമായ കാര്യങ്ങൾ മാത്രമേ ചെയ്തിട്ടുള്ളൂ. ആയതിനാൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ